പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1392 14.6.2013-ൽ മറുപടിക്ക്

## തിരുവനന്തപുരം നഗരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| തിരുവനന്തപുരം നഗരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ? | നഗരം പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് നഗരസഭയാണ്. ഇക്കാര്യത്തിൽ താഴെ പ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് തിരുവനന്തപുരം നഗരസഭ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.<br>41 മൈക്രോണിൽ താഴെയുള്ള നിരോധിത പ്ലാസ്റ്റിക് കാരിബാഗുകൾ സൂക്ഷിക്കുന്നതോ വിൽപന നടത്തുന്നതോ നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പിടിച്ചെടുത്ത് മുനിസിപ്പൽ ആക്റ്റ് അനുസരിച്ചുള്ള പിഴ ചുമത്തി വരുന്നു. കൂടാതെ 2013 ജനുവരി 1 മുതൽ നഗരസഭ മേഖലയിൽ പ്ലാസ്റ്റിക് ബഹിഷ്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി തുണിസഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിച്ചു വരുന്നു. 1/5/2013 മുതൽ 31/5/2013 വരെ 379 സ്ഥാപനങ്ങൾ പരിശോധന നടത്തിയതിൽ നിരോധിത പ്ലാസ്റ്റിക് സൂക്ഷിച്ചിരുന്ന 30 കടകളിൽ നിന്നായി 25.835 കി.ഗ്രാം. നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുത്ത് നോട്ടീസ് നൽകി പിഴ ചുമത്തിയിട്ടുള്ളതുമാണ്. പിഴയിനത്തിൽ 15570/- രൂപ ഈടാക്കിയിട്ടുണ്ട്. 2007 മുതൽ നാളിതു വരെ 3195.18 കി.ഗ്രാം നിരോധിത പ്ലാസ്റ്റിക് പിടിച്ചെടുത്ത് നോട്ടീസ് നൽകി പിഴ ചുമത്തിയിട്ടുള്ളതുമാണ്. പിഴയിനത്തിൽ 643720/- രൂപ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ